# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3683

17.12.2015-ലെ മറുപടിക്ക്

### വി.എ അരുൺ കുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>,, ജോസഫ് വാഴയ്ക്കൻ<br>,, പി.സി വിഷ്ണുനാഥ്<br>,, ബെന്നി ബെഹനാൻ : | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ വി.എ അരുൺ കുമാറിനെതിരെ ഉയർന്ന അഴിമതി ആരോപണം സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണത്തിന്റെ വിവരവും യോഗ്യതയില്ലാത്ത വി.എ.അരുൺകുമാറിനെ ഐ.എച്ച്.ആർ.ഡി അഡീഷണൽ ഡയറക്ടറായി നിയമിച്ചത് സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെയും പൂർണ്ണ വിവരം വെളിപ്പെടുത്തുമോ ; | (എ) കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ വി.എ അരുൺ കുമാറിനെതിരെ ഉയർന്ന അഴിമതി ആരോപണം സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. **വി.ഇ.11/2013/എസ്.സി.ടി**<br>ശ്രീ. അരുൺകുമാർ കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ആലപ്പുഴ-ചേർത്തലയിൽ വെയർഹൗസ് നിർമ്മിച്ചതിലെ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ ഉത്തരവായ വിജിലൻസ് അന്വേഷണം (വി.ഇ.11/2013/എസ്.സി.ടി) പൂർത്തിയാവുകയും പ്രസ്തുത വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ ഒരു വിജിലൻസ് കേസ്, വി.സി.03/14 എസ്.സി.ടി എന്ന നമ്പറിൽ രജിസ്റ്റർ ചെയ്ത് കേസന്വേഷണം പുരോഗമിച്ചുവരികയും ചെയ്യുന്നു.<br>2. **വി.ഇ.02/2012/എസ്.ഐ.യു-II**<br>ഐ.എച്ച്.ആർ.ഡി അഡീഷണൽ ഡയറക്ടറായി മതിയായ യോഗ്യതയില്ലാത്ത ശ്രീ.വി.എ. അരുൺകുമാറിനെ നിയമിച്ചതും തുടർന്ന് ഐ.സി.ടി അക്കാദമി |

(ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി) ഡയറക്ടറായി നിയമിച്ചതും സംബന്ധിച്ച്, 08.03.12 തീയതിയിലെ പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് വി.ഇ.02/2012/ എസ്.ഐ.യു-II എന്ന അന്വേഷണം നടത്തുകയും വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വി.സി.01/15/ എസ്.ഐ.യു-II എന്ന നമ്പറിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

(ബി) വി.എ. അരുൺകുമാറിനെ കുറിച്ച് ഉയർന്നിട്ടുള്ള മേൽപ്പറഞ്ഞ മുഴുവൻ ആരോപണങ്ങളെ കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പ്രതിപക്ഷ നേതാവ് വി.എസ് അച്ചുതാനന്ദനെ ചോദ്യം ചെയ്തിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) വി.എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണത്തോടനുബന്ധിച്ച് അദ്ദേഹത്തെ എത്ര പ്രാവശ്യം ചോദ്യം ചെയതിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; വിശദാംശം ലഭ്യമാക്കുമോ;

(ബി) & (സി) പ്രസ്തുത വിജിലൻസ് അന്വേഷണങ്ങൾ പുരോഗമന ഘട്ടത്തിലായതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുകയില്ല.

സെക്ഷൻ ഓഫീസർ